


# കുട ചൂടാം വേനൽ ചൂടിൽ

## പൊതുജന താല്പര്യാർത്ഥം

ANCHALUMMOOD

ANCHALUMMOOD

# ലിറ്റിൽ കൈറ്റ്സ്

**ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ അഞ്ചാലുംമൂട് ,കൊല്ലം**

കേരളത്തിൽ വരും ദിവസങ്ങളിൽ ചൂട്
ശരാശരിയിൽ നിന്നും കൂടുവാൻ  ഉള്ള
സാധ്യതയുണ്ട് എന്ന് കേന്ദ്ര കാലാവസ്ഥാ
വകുപ്പിന്റെ മോഡൽ അവലോകനങ്ങളിൽ
കാണുന്ന സാഹചര്യത്തിൽ സൂര്യാഘാതം
ഒഴിവാക്കുന്നതിനായി വിവിധ വകുപ്പുകൾ
സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ സർക്കാർ
പുറപ്പെടുവിക്കുന്നു .

ANCHALUMMOOD
ANCHALUMMOOD

# ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്

- ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ ,നഴ്സുമാർ ,ആരോഗ്യപ്രവർത്തകർ ആശാ വർക്കർമാർ തുടങ്ങിയവർ ഉഷ്ണ തരംഗം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ നേരിടാൻ സദാ സന്നദ്ധരായിരിക്കണം .
- ബോധവൽക്കരണത്തിനുതകുന്ന പോസ്റ്ററുകളും ,ബ്രോഷറുകളും ,പാംഫ്ലറ്റുകളും സജ്ജമാക്കുക .
- ശുദ്ധജലം ,മരുന്നുകൾ ,ORS,ഐസ് എന്നിവയുടെ സ്റ്റോക്ക് ഉറപ്പുവരുത്തുക .

ANCHALUMMOOD
ANCHALUMMOOD

# തൊഴിൽ -നൈപുണ്യ വികസന വകുപ്പ്

- സൂര്യതാപമേൽക്കാനിടയുള്ള തൊഴിലിൽ ഏർപ്പെടുന്നവരുടെ തൊഴിൽ  സമയം ,പകൽ 11 മുതൽ 3 മണി വരെ വിശ്രമം അനുവദിക്കുന്ന തരത്തിൽ പുനഃക്രമീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുക .
- നിർമ്മാണ സൈറ്റുകളിലും മറ്റു തൊഴിലിടങ്ങളിലും കുടിവെള്ളം ,എമർജൻസി മെഡിസിൻസ് ,ORS,വിശ്രമ സൗകര്യം ഉറപ്പാക്കുക .
- ഇതര സംസ്ഥാന തൊഴിലാളികൾക്ക് കൂടി ബോധവൽക്കരണം എത്തുന്നുണ്ടെന്ന് ഉറപ്പാക്കുക .

ANCHALUMMOOD
ANCHALUMMOOD

# മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ്

- വളർത്തു മൃഗങ്ങൾക്കും, പക്ഷികൾക്കും കന്നുകാലികൾക്കും, തണലും കുടിവെള്ളവും വീടുകളിലും ഫാമുകളിലും ഉറപ്പു വരുത്തുക
- തീവ്രമായ ചൂടനുഭവപ്പെടുന്ന സമയങ്ങളിൽ കാലികളെ മേയാൻ വിടുന്നത് നിയന്ത്രിക്കുക .
- മൃഗാശുപത്രികളിൽ ആവശ്യത്തിനുള്ള മരുന്നുകളും സൗകര്യങ്ങളും ഉറപ്പാക്കുക .
- ജലവിഭവ വകുപ്പുമായി ചേർന്ന് ,അലഞ്ഞു തിരിയുന്ന കന്നുകാലികൾ ,പക്ഷികൾ എന്നിവയ്ക്കുള്ള ജല ലഭ്യത കൂടി പരിഗണിക്കണം.

ANCHALUMMOOD
ANCHALUMMOOD

# വിദ്യാഭ്യാസ വകുപ്പ്

- സ്കൂൾ അസ്സംബ്ലികൾ ഒഴിവാക്കുകയോ സമയ ദൈർഘ്യം പരമാവധി ചുരുക്കുകയോ ചെയ്യുക .
- പി ഇ റ്റി പീരിയഡുകൾ നിയന്ത്രിക്കുക .
- വിദ്യാർത്ഥികളെ തുറസ്സായ മൈതാനങ്ങളിൽ വിടാതിരിക്കുക .
- സ്കൂളിലെ കായിക കലാ പരിപാടികൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക .
- ശുദ്ധജലം ,ORS ,എമർജൻസി മെഡിസിൻ എന്നിവ ലഭ്യമാക്കുക.
- മുഴുവൻ വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ബോധവൽക്കരണം നടത്തുക .
- കുട്ടികൾ കുടയോ, തൊപ്പിയോ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുക .

ANCHALUMMOOD
ANCHALUMMOOD

# തദ്ദേശ സ്വയംഭരണ വകുപ്പ്

- പ്രാദേശികമായി, പൊതുജനങ്ങൾക്കും യാത്രക്കാർക്കും കുടിവെള്ളം ലഭിക്കുന്നതിന് ആവശ്യമായ പൊതു സംരംഭങ്ങൾ സ്ഥാപിക്കുക .
- പൊതു വൃക്ഷങ്ങൾ ഉണങ്ങി പോകുന്നത് ഒഴിവാക്കാൻ വെള്ളമൊഴിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക .
- കുളങ്ങൾ ,തോടുകൾ തുടങ്ങിയവ വൃത്തിയാക്കി സംരക്ഷിക്കുക .

ANCHALUMMOOD
ANCHALUMMOOD

# വനം വകുപ്പ്

- വനങ്ങളിലും, വന്യജീവി സങ്കേതങ്ങളിലും ജല ലഭ്യത ഉറപ്പാക്കുക .
- കുടിവെള്ളം തേടി വന്യമൃഗങ്ങൾ കാട് വിട്ടിറങ്ങുന്നതിനുള്ള സാധ്യത മുന്നിൽ കണ്ടുള്ള ജാഗ്രത പാലിക്കുക .
- കാട്ടുതീ സാധ്യത പരിഗണിച്ച് കാട്ടുതീ പ്രതിരോധനത്തിനുള്ള നടപടി സ്വീകരിക്കുക .

ANCHALUMMOOD
ANCHALUMMOOD

# ടൂറിസം വകുപ്പ്

- വിനോദ സഞ്ചാര മേഖലയിൽ സൂര്യാഘാത സാധ്യത ഒഴിവാക്കുവാനായി വിനോദ സഞ്ചാരികൾക്കു ലഘുലേഖ പ്രിന്റ് ചെയ്തു നൽകുക .
- വിനോദ സഞ്ചാര സ്ഥലങ്ങളിൽ ശുദ്ധജലം ,എമർജൻസി മെഡിസിൻസ് ലഭ്യമാക്കുക .

ANCHALUMMOOD
ANCHALUMMOOD
little KITEs

# പോലീസ്

- തീവ്രമായ വെയിൽ ഏൽക്കുവാൻ സാധ്യതയുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥരോടും 11 am മുതൽ 3 pm വരെ കുട ഉപയോഗിക്കുവാൻ നിർദ്ദേശിക്കുക .
- ഇത്തരം സാഹചര്യത്തിൽ പ്രവർത്തിക്കുന്ന എല്ലാ പോലീസ് ഉദ്യോഗസ്ഥരും ചെറിയ സ്റ്റീൽ കുപ്പിയിൽ ചുരുങ്ങിയത് 1 ലിറ്റർ കുടിവെള്ളം കയ്യിൽ കരുതുവാൻ നിർദ്ദേശിക്കുക .

ANCHALUMMOOD
ANCHALUMMOOD

# മറ്റു നിർദ്ദേശങ്ങൾ

- പൊതുജനങ്ങൾ 11 am മുതൽ 3 pm വരെയെങ്കിലും നേരിട്ട് സൂര്യ പ്രകാശം ഏൽക്കുന്നത് ഒഴിവാക്കണം എന്ന് അഭ്യർത്ഥിക്കുന്നു .
- നിർജലീകരണം തടയാൻ കുടിവെള്ളം എപ്പോഴും ഒരു ചെറിയ കുപ്പിയിൽ കയ്യിൽ കരുതുക .
- രോഗങ്ങൾ ഉള്ളവർ 11 am മുതൽ 3 pm വരെയെങ്കിലും സൂര്യ പ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക
- പരമാവധി ശുദ്ധജലം കുടിക്കുക
- അയഞ്ഞ ലൈറ്റ് കളർ പരുത്തി വസ്ത്രങ്ങൾ ധരിക്കുക .
- പരീക്ഷാക്കാലമായതിനാൽ സ്കൂൾ അധികൃതരും രക്ഷിതാക്കളും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ് .
- തൊഴിൽ സമയം പുനഃക്രമീകരിക്കുക .

ANCHALUMMOOD
ANCHALUMMOOD

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

തയ്യാറാക്കിയത്

ANCHALUMMOOD

ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ
അഞ്ചാലുംമൂട് കൊല്ലം .9447800348